# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 993** **30.10.2019 ലെ മറുപടി**

### റെഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ് :** | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പ പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പുതുക്കിയ പര്യവേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഡിസൈൻ തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പ പുഴയ്ക്ക് കുറുകെ ആർ.സി.ബി. നിർമ്മിക്കുന്നതിനായി പുനർ ഡിസൈൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 04.07.19 തീയതിയിൽ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ ചേമ്പറിൽ നടന്ന വിശദമായ ചർച്ചയെ തുടർന്ന് 2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയത്തിനിടെ നിർദ്ദിഷ്ട സ്ഥാനത്ത് അനുഭവപ്പെട്ട MFL(+2.097m) കണക്കിലെടുത്ത് നിലവിലെ മാനദണ്ഡപ്രകാരം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാലും നിർദ്ദിഷ്ട സ്ഥാനത്ത് ഇരുവശങ്ങളിലുമുള്ള കരനിരപ്പ് ആർ.സി.ബി. നിർമ്മാണത്തിന് അപര്യാപ്തമായതിനാലും പദ്ധതി നിർദ്ദേശം സംബന്ധിച്ച് പുന:പരിശോധന നടന്നു വരുന്നു. കൂടാതെ കഴിഞ്ഞ 50 വർഷത്തിനിടെ അനുഭവപ്പെട്ട പരമാവധി ജലനിരപ്പാണ് പെരുമ്പുഴയിൽ 2019 ആഗസ്റ്റ് 10-)0 തീയതി രേഖപ്പെടുത്തിയത്. ആയത് പ്രകാരം നിർദ്ദിഷ്ട സ്ഥാനത്തെ പരമാവധി ജലനിരപ്പ് +4.100m ആയി ഉയർന്നിരുന്നു. നിർദ്ദിഷ്ട ആർ.സി.ബി.യുടെ മുകൾഭാഗത്ത് നട്ടിക്കടവ്, കാനായി, മണിയറ, കൈതപ്രം, കടന്നപ്പള്ളി മേഖലകളിൽ പുഴയുടെ കരനിരപ്പിൽ നിന്നും ശരാശരി 2 മീറ്ററോളം ഉയരത്തിൽ പുഴ കരകവിഞ്ഞൊഴുകുകയും ടി-മേഖലയിൽ നിന്ന് നിരവധി കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിപ്പാർപ്പിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട |

ഭാഗത്ത് ആർ.സി.ബി അനുയോജ്യമല്ല. എന്നാൽ മേഖലയിൽ പുഴയിൽ നിന്നുള്ള ഉപ്പുവെള്ളത്തിന്റെ വ്യാപനം തടയുന്നതിനായി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Salt Water Extrusion Cross Bar(SWECB) നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**